"ഭരണഭാഷ- മാതൃഭാഷ"

**കേരളംസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 372/2007 പ്രകാരം വസ്തു ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം അവാർഡ് തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1756/2026/LSGD തീയതി,തിരുവനന്തപുരം, 17-09-2026

പരാമർശം:-
1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 361/2009 നമ്പർ കേസിന്മേലുള്ള 21.12.2019-ലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.07.2026 തീയതിയിലെ ഡി.സി.റ്റി.വി.എം/6932/2026-കെ16 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04.08.2026 തീയതിയിലെ എ3/157/2026/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 372/2007 പ്രകാരം തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ വസ്തു ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ 48,65,560/- രൂപ (നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തയ്യായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) അവാർഡ് പ്രഖ്യാപിക്കുന്നതിന് ജില്ലാ കളക്ടർ മുൻകൂർ അനുമതി നൽകിയിരുന്നതിൻ പ്രകാരം ടി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം 4 പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി എൽ.എ.സി. 372/2007 പ്രകാരം തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വെ നം. 1660/4-1 (എൽ.എ. റീ. സർവെ നം. 67/8)-ൽ ഉൾപ്പെട്ട 0.92 ആർ ഭൂമി ഏറ്റെടുത്തിരുന്നതിന്, ബഹു. തിരുവനന്തപുരം സബ്കോടതിയുടെ പരാമർശം 2 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **48,65,560/- രൂപ (നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തയ്യായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം)** "4217-60-800-93 Payment of

**Compensation in LAR Cases (Plan-Charged)"** എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീ. ഹരീഷ് ഹരിദാസ് (ഉഷ, രാജീവ് ഗാന്ധി നഗർ, പട്ടം വില്ലേജ് ), ഡോ. ദീപ ഗംഗ പ്രസാദ് (ഉഷ, രാജീവ് ഗാന്ധി നഗർ, പട്ടം വില്ലേജ്) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/128/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 18-09-2026
10:34:37

സെക്ഷൻ ഓഫീസർ